**സർവാശ്രമാനുപാദായ സ്വാശ്രമേണ കളത്രവാൻ**
**വ്യസനാർണ്ണവമത്യേതി ജലയാനൈര്യഥാർണ്ണവം (3-14-17)**
**ന വയം പ്രഭവസ്താം ത്വാമനുകർത്തും ഗൃഹേശ്വരി**
**അപ്യായുഷാ വാ കാർത്സ്ന്യേന യേ ചാന്യേ ഗുണഗൃധ്നവ: (3-14-20)**
**യസ്യാനവദ്യാചരിതം മനീഷിണോ ഗൃണന്ത്യവിദ്യാപടലം ബിഭിത്സവ:**
**നിരസ്തസാമ്യാതിശയോഽപി യസ്സ്വയം പിശാചചര്യാമചരദ് ഗതിസ്സതാം. (3-14-26)**
**നമോ രുദ്രായ മഹതേ ദേവായോഗ്രായ മീഢുഷേ**
**ശിവായ ന്യസ്തദണ്ഡായ ധൃതദണ്ഡായ മന്യവേ (3-14-34)**

വിദുരർ ചോദിച്ചു: "എങ്ങിനെയാണ് ഭഗവാൻ ഹിരണ്യാക്ഷനുമായി ഏറ്റുമുട്ടിയത്? ആ രാക്ഷസൻെറ ജനനത്തേപ്പറ്റി പറഞ്ഞുതന്നാലും." മൈത്രേയൻ തുടർന്നു: സൃഷ്ടികർത്താവിൻെറ പുത്രനായ ദക്ഷൻെറ പുത്രിയാണ് ദിതി. ദിതിയും സഹോദരികളായ പന്ത്രണ്ടുപേരും മരീചീപുത്രനായ കശ്യപനെ പരിണയിച്ചു. ദിതിക്കൊഴികെ എല്ലാവർക്കും പുത്രഭാഗ്യമുണ്ടായി. ഒരു സന്ധ്യാസമയം കശ്യപനെ സമീപിച്ച ദിതി പുത്രഭാഗ്യത്തിനായി വികാരാവേശത്തോടെ അഭ്യർത്ഥിച്ചു. കശ്യപനാകട്ടെ അനുനയപൂർവ്വം ആവശ്യത്തെ അംഗീകരിച്ചശേഷം ഈ സമയം സംയോഗയോഗ്യമല്ലെന്നറിയിച്ചു.

അദ്ദേഹം പറഞ്ഞു: "നിൻെറ ആഗ്രഹം ഇപ്പോൾത്തന്നെ സാധിപ്പിച്ചുതരാൻ ഞാൻ തയ്യാറാണ്. ഭാര്യയാണ് ഗൃഹസ്ഥാശ്രമധർമ്മത്തിൻെറ അടിത്തറ എന്നെനിക്കറിയാം. ഗൃഹസ്ഥാശ്രമിയാണ് മറ്റു ധർമ്മാശ്രമങ്ങളിലുളളവരെ സംസാരസാഗരത്തിനപ്പുറം പോകാൻ സഹായിക്കുന്നത്. ഒരുവന് കടൽ കടക്കാൻ കപ്പൽ ലഭിക്കും പോലെയാണത്. ഗൃഹസ്ഥജീവിതത്തിൻെറ യാതനകൾ മുഴുവനും സ്വയമേൽക്കുന്ന ഭാര്യമാരുള്ളതുകൊണ്ടാണ് ഗൃഹസ്ഥാശ്രമികൾക്കിതു സാധിക്കുന്നത്. ഒരു ജീവിത കാലം മുഴുവൻകൊണ്ടോ വരാൻ പോകുന്ന ജന്മങ്ങൾ കൊണ്ടോ ഈ കടം ഞങ്ങൾ ആണുങ്ങൾ എങ്ങിനെ തീർക്കുവാനാണ്? നിങ്ങൾ ഗൃഹത്തിൻെറ ദേവതകൾ തന്നെയാണ്. അജ്ഞാനത്തിൻെറ ആവരണം നീക്കാൻ ശ്രമിക്കുന്ന പുരുഷൻ എപ്പോഴും അകളങ്കിതനായ രുദ്രനെ പ്രകീർത്തിച്ചു കഴിയുന്നു. രുദ്രന് തുല്യമായി മറ്റൊരുമില്ലതന്നെ. ആ പ്രകീർത്തനമാണ് ധർമ്മിഷ്ഠൻെറ യഥാർത്ഥ കർത്തവ്യം. ആ രുദ്രഭഗവാൻ ഒരു പിശാചിനെപ്പോലെ തൻെറ ഭൂതഗണങ്ങളുമായി ചുറ്റിത്തിരിയുന്ന സന്ധ്യാവേളയാണിത്. ഈ നാഴികയൊന്നു കഴിഞ്ഞുകൊള്ളട്ടെ."

ദിതിക്ക് സ്വയം നിയന്ത്രിക്കാനായില്ല. കശ്യപൻ അവളുടെ വികാരത്തിനു ശമനമുണ്ടാക്കിക്കൊടുത്തശേഷം കുളികഴിഞ്ഞ് വൈകുന്നേരത്തെ പൂജയ്ക്കായി പുറപ്പെട്ടു. ആഗ്രഹനിവൃത്തിക്കുശേഷം സ്വന്തം വിഡ്ഢിത്തത്തെപ്പറ്റി ദിതിക്കു ബോധമുണ്ടായി. വീണ്ടും കശ്യപനോടവർ പ്രാർത്ഥിച്ചു. "രുദ്രഭഗവാൻെറ കോപത്തിനു പാത്രീഭൂതമാവാൻ എൻെറകുട്ടിക്കിടവരുത്തല്ലേ. ആ രുദ്രഭഗവാനെ ഞാൻ വണങ്ങുന്നു. അപ്രമേയനും ഭക്തർക്കു വരമരുളുന്നവനും ദുഷ്ടനിഗ്രഹത്തിനായി ദണ്ഡെടുക്കുന്നവനും എന്നാൽ സ്വയം അക്രമരഹിതനും ക്രോധത്തിൻെറ മൂർത്തിയുമെല്ലാമായ ആ ഭഗവാനെ ഞാൻ നമിക്കുന്നു."

കശ്യപൻ അവളെ സമാധാനിപ്പിച്ചു. "രുദ്രഭഗവാൻെറ സമയസീമകളെ ലംഘിച്ചതുകൊണ്ട് നിനക്കുണ്ടാകുന്ന പുത്രന്മാർരണ്ടും അതിഭയങ്കരന്മാരായ രാക്ഷസന്മാരായിരിക്കും. എങ്കിലും നീ സ്വയം തെറ്റു മനസ്സിലാക്കിയതുകൊണ്ട് അവർക്ക് രണ്ടുപേർക്കും ഭഗവാനായ ഹരിയുടെ കൈകളാൽ കൊല്ലപ്പെടാൻ സാദ്ധ്യത കൈവരും." ആദ്യം കാര്യം കേട്ടുഞെട്ടിയെങ്കിലും പിന്നീട് ദിതി സ്വയം ആശ്വസിച്ചു. കശ്യപൻ തുടർന്നു: "നിൻെറ ഹരിഭക്തിയാലും നിനക്ക് ശിവനിലും എന്നിലും ഭക്തിയുള്ളതിനാലും നിൻെറ പൗത്രന്മാരിൽ ഒരുവൻ ഭാവിയിൽ ഭക്തന്മാരുടെ തിലകക്കുറിയായിവാണ് ലോകമെങ്ങും പുകൾപെറ്റവനായിത്തീരുന്നതാണ്."